# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1550

14.12.2012 ൽ മറുപടിക്ക്

## കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ടന്റ്മാരെ നിയമിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു.നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | എ) ഉണ്ട്.<br>സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ നഗരസഭകളിൽ നിലവിലുള്ള ഒരു യു.ഡി.ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റുമാരായി നിയമിക്കുവാനും ഇപ്രകാരമുള്ള അക്കൗണ്ടന്റ്മാർക്ക് നിലവിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയ്ക്ക് സമാനമായ 14620-25280 എന്ന ശമ്പള സ്കെയിൽ നിർണ്ണയിച്ച് നല്കുവാനും 30.06.2012 ലെ സ.ഉ(എം.എസ്) 182/12/തസ്വഭവ നം. ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ബി) കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് സീനിയോറിറ്റി മാനദണ്ഡമാക്കുമോ ; | ബി) സീനിയോറിറ്റി മാനദണ്ഡമാക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| സി) അക്കൗണ്ടന്റുമാരെ നിയമിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ മുന്നിലുള്ള ഇ.യു /63212/12/ എൽ.എസ്.ജി.ഡി. ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | സി) ഈ വിഷയം 72858/എഎ 1/12/തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ